LIBRARY ARCHIVES Kerala Legislative Assembly

അടുത്ത അദ്ധ്യയന വർഷത്തെ മെഡിക്കൽ പ്രവേശനം

18 (*78) ശ്രീ. എം. എ. ബേബി :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തെ മെഡിക്കൽ പ്രവേശന കാര്യത്തിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(ബി) കഴിഞ്ഞ വർഷം തന്നിഷ്ടപ്രകാരം പ്രവേശനം നടത്തിയ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കോളേജുകളും പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ് ; വിശദമാക്കുമോ ;

(സി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകൾ, ഏതെങ്കിലും വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണോ പ്രവേശന പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശം അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇല്ല.

(ബി&സി) കഴിഞ്ഞ വർഷം (2014-15)-ൽ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിൽ വരുന്ന 6 മെഡിക്കൽ കോളേജുകളുമായും കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിൽ വരുന്ന 4 മെഡിക്കൽ കോളേജുകളുമായി ആദ്യഘട്ടത്തിൽ കരാറിലേർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 50% സീറ്റുകളിൽ അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. ഉടർന്ന് 4 സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി സർക്കാർ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സർക്കാരുമായി ആകെ14 സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് കഴിഞ്ഞ വർഷം കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഈ 14 സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളെയാണ് KEAM-15-ലെ പ്രോസ്പെക്ടസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി മുൻവർഷം കരാറിൽ ഏർപ്പെടുന്നതിനായി 13-06-2014-ലെ ജി.ഒ(ആർ.റ്റി) നമ്പർ 1963/2014/ ആ.ക.വ ഉത്തരവ് പ്രകാരം വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ അദ്ധ്യയന വർഷം ഒരു സ്വാശ്രയ കോളേജുകളുമായി ഇതേവരെ കരാറിലേർപ്പെട്ടിട്ടില്ല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.